ഒരംഗം, പഞ്ചായത്ത് പ്രസിഡൻറ്, മെമ്പർമാർ എന്നിവരിൽ നിന്നും നോമിനേറ്റ് ചെയ്യുന്ന 2 പേർ, ഒരു വനിത ഉൾപ്പെടെ സാമൂഹ്യക്ഷേമ പ്രവർത്തകരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 3 പേർ, ജില്ലാ സാമൂഹ്യക്ഷേമ - ഓഫീസർ (കൺവീനർ) എന്നിവരാണ് അംഗങ്ങൾ. അർബൻ പ്രോജക്ടിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, ജില്ലാപഞ്ചായത്ത് മെമ്പർ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്/മെമ്പർമാർ എന്നിവർക്ക് പകരം അതാത് കോർപ്പറേഷൻ/മുനിസിപ്പാലിറ്റിയിൽ നിന്നുള്ള പ്രതിനിധികളെയാണ് ഉൾപ്പെടുത്താറുള്ളത്.

(ഡി) സർക്കാരിന് ലഭിച്ചിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിലാണ് ഇൻറർവ്യൂ മാറ്റിവച്ചത്.

(ഇ) ഇല്ല.

(എഫ്) തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കി 28-6-2005-ൽ ഇൻറർവ്യൂ നിശ്ചയിച്ചിരുന്നത് സർക്കാരിന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലാണ് മാറ്റി വച്ചത്.

കുള്ളൻമാരെ വികലാംഗരുടെ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി

35 [2904] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൻമനാ തന്നെ നന്നേ പൊക്കം കുറഞ്ഞവരായിട്ടുള്ളവരെ വികലാംഗരുടെ പട്ടികയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നിലവിൽ ലഭ്യമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ അവർക്കുകൂടി വികലാംഗർക്കുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുവാനും മുൻകാലങ്ങളിൽ സർക്കാർ - സർവ്വീസിൽ താൽക്കാലിക നിയമനം ലഭിച്ച ഇത്തരക്കാരെക്കൂടി സർവ്വീസിൽ സ്ഥിരപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 1995-ലെ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട് പ്രകാരം സഞ്ചരിക്കാനുള്ള കഴിവില്ലായ്മയെയാണ് അംഗവൈകല്യം എന്ന നിർവചനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അതായത് അവയവങ്ങൾ പ്രവർത്തിപ്പിക്കുന്നതിനെ ഗണ്യമായ തോതിൽ തടസ്സപ്പെടുത്തുന്ന വിധത്തിൽ അസ്ഥികൾ, സന്ധികൾ, പേശികൾ എന്നിവയ്ക്കുണ്ടാകുന്ന അവശത അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള മസ്തിഷ്ക മരവിപ്പ് എന്നിവയെ അംഗവൈകല്യമായി കണക്കാക്കുന്നു. ജൻമനാ തന്നെ പൊക്കം കുറഞ്ഞവർ ഈ ഗണത്തിൽപ്പെടുന്നില്ല. ആയതിനാൽ ഇവർക്ക് വികലാംഗർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ല.

ഭിക്ഷാടനം അവസാനിപ്പിക്കാൻ നടപടി

36 [2905] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലഞ്ഞുതിരിയുന്നവരുടേയും യാചകരുടേയും എണ്ണം വർദ്ധിച്ചുവരുന്നത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly